LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാരിന്റെ 28-9-1964-ലെ ജി.ഒ.(എം.എസ്) 645/64/അഗ്രി നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് നിലവിൽ ജെ.ഡി.സി. പരിശീലനത്തിന് സഹകരണ വകുപ്പിലെ ജീവനക്കാരെ നിയോഗിച്ചുവരുന്നത്. ടി ഉത്തരവ് പ്രകാരം ജെ.ഡി.സി. പരിശീലനത്തിന് ജീവനക്കാരെ നിയോഗിക്കുമ്പോൾ, വകുപ്പുതല പരീക്ഷകൾ പാസ്സായവർക്ക് മുൻഗണന നൽകുന്നതിനും ഇത്തരത്തിൽ വകുപ്പുതല പരീക്ഷകൾ പാസ്സായവരുടെ അഭാവത്തിൽമാത്രം സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നതിനുമാണ് നിഷ്കർഷിച്ചിരിക്കുന്നത്. കൂടാതെ, സർക്കാരിന്റെ 31-8-1984-ലെ ജി.ഒ.(പി) നമ്പർ 309/84/ജി.എ.ഡി ഉത്തരവ് പ്രകാരം 50 വയസ്സ് പൂർത്തീകരിച്ച, വകുപ്പുതല പരീക്ഷകൾ പാസ്സാകുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ള ജീവനക്കാരെയും ജെ.ഡി.സി. പരിശീലനത്തിന് നിയോഗിച്ചുവരുന്നുണ്ട്.

(ബി) 2015-16-ലെ ജെ.ഡി.സി. പരിശീലനത്തിനായി 49 ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്തിട്ടുണ്ട്. അവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഖാദി ഗ്രാമവ്യവസായ മേഖലയിലെ വികസനം

128 (473) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായ മേഖലയുടെ വളർച്ച ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഈ മേഖലയുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

(സി) ഖാദിക്ക് ആഗോള ട്രേഡ് മാർക്ക് നേടുന്നതിന് എന്തെല്ലാം ശ്രമങ്ങൾ നടത്തിയിട്ടുണ്ട് ; ഇതിന്റെ നിലവിലെ സ്ഥിതി എന്താണ് ;

(ഡി) ഖാദി വസ്തുക്കളിൽ ഓർഗാനിക് ചായങ്ങൾ ഉപയോഗിക്കുന്ന രീതി അവലംബിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അക്കാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ&ബി) ഖാദി ഗ്രാമവ്യവസായ മേഖലയുടെ വളർച്ച ഉറപ്പുവരുത്തുന്നതിനും പശ്ചാത്തല സൗകര്യ വികസനത്തിനുമായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർതലത്തിൽ ശ്രമങ്ങൾ നടത്തിയിട്ടില്ല.

(ഡി) ഖാദി വസ്ത്രങ്ങളിൽ ഓർഗാനിക് ചായങ്ങൾ ഉപയോഗിക്കുന്ന രീതിയാണ് അവലംബിക്കുന്നത്.

ഖാദി ഉല്പന്നങ്ങളുടെ ഉല്പാദന-വിപണന മേഖലയുടെ ശാക്തീകരണം

129 (474) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഉല്പന്നങ്ങളുടെ ഉല്പാദന-വിപണന മേഖലയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) നിലവിൽ ഖാദി ഉല്പന്നങ്ങളുടെ വിപണനത്തിനായി എത്ര സർക്കാർ ഔട്ട്ലെറ്റുകൾ പ്രവർത്തിച്ചുവരുന്നു എന്ന് ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) ഈ ഔട്ട്ലെറ്റുകളിലെ ജീവനക്കാരുടെ എണ്ണം (സ്ഥിരം/താൽക്കാലികം) തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ഡി) സർക്കാരിന്റെ ആഭ്യന്തര ഖാദി വിപണന മേഖല നിലവിൽ ലാഭകരമായാണോ പ്രവർത്തിച്ചുവരുന്നത് എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഖാദി ഉല്പന്നങ്ങളുടെ ഉല്പാദന ശാക്തീകരണത്തിനായി ശ്രീ. പി. ഗോപിനാഥൻ നായർ അദ്ധ്യക്ഷനായ സമിതി ശിപാർശപ്രകാരം ഖാദി മേഖല ആധുനിക വൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഖാദി മേഖലയിലെ വിപണനം മെച്ചപ്പെടുത്തുന്നതിനായി പ്രധാന നഗരങ്ങളിലെ വില്പന കേന്ദ്രങ്ങളെല്ലാം നവീകരിച്ച് ആകർഷകമാക്കിയിട്ടുണ്ട്. ഓൺലൈൻവഴി വ്യാപാരം തുടങ്ങുന്നതിലേക്കായി ബോർഡിന്റെ വിപണന വിഭാഗം സോഫ്റ്റ്വെയർ ഏർപ്പെടുത്തി നടപടികൾ ആരംഭിച്ചു. ഉല്പന്ന ഗുണനിലവാര മേൽനോട്ടം ഉറപ്പ് വരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly